# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2898** **18-06-2018 ൽ മറുപടിക്ക്**

**അനധികൃത പട്ടയങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) മുൻസർക്കാർ എത്ര കുടുംബങ്ങൾക്ക് പട്ടയങ്ങൾ നൽകി; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(എ) മുൻ സർക്കാർ പട്ടയം നൽകിയിട്ടുള്ള കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തു കൊള്ളുന്നു.

| ക്രമ നം | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7852 |
| 2 | കൊല്ലം | 1717 |
| 3 | പത്തനംതിട്ട | 2155 |
| 4 | ആലപ്പുഴ | 2129 |
| 5 | കോട്ടയം | 3405 |
| 6 | ഇടുക്കി | 23142 |
| 7 | എറണാകുളം | 5705 |
| 8 | പാലക്കാട് | 14514 |
| 9 | തൃശ്ശൂർ | 11109 |
| 10 | മലപ്പുറം | 17784 |
| 11 | കോഴിക്കോട് | 9596 |
| 12 | വയനാട് | 1059 |
| 13 | കണ്ണൂർ | 21400 |
| 14 | കാസറഗോഡ് | 11444 |
| | **ആകെ** | **133011** |

(ബി) മുൻസർക്കാർ നൽകിയ പട്ടയങ്ങളിൽ അനധികൃതമെന്ന് ഈ സർക്കാർ കണ്ടെത്തിയ പട്ടയങ്ങൾ എത്ര; ഇതിനായി കൂട്ടുനിന്ന ഉദ്യോഗസ്ഥർ ആരെല്ലാം; ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള അനധികൃത പട്ടയങ്ങൾ തിരിച്ചു പിടിക്കുവാനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി) & (സി) 27.02.2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 174/2016 റവന്യൂ പ്രകാരം 4216 കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് ഉത്തരവായിരുന്നു. വിതരണം ചെയ്ത 40 പട്ടയങ്ങളും തയ്യാറാക്കിവെച്ചിരുന്ന 1803 പട്ടയങ്ങളും ഉൾപ്പെടെ 1843 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്. ഈ പട്ടയങ്ങൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയതാണെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭ്യമാകാതിരുന്നു എന്നതുകൊണ്ടാണ് പട്ടയങ്ങൾ റദ്ദ് ചെയ്തത്.

**സെക്ഷൻ ഓഫീസർ**